# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 19, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസുകൾക്ക് വായ്പ</u>**

*361 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ എത്ര സമുദായങ്ങൾ ഉണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി എത്ര സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തിരം സി.ഡി.എസുകൾക്ക് വായ്പ വിതരണം നടത്തിവരുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം വായ്പാ പദ്ധതികൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) 2024-25 സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

**<u>നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി</u>**

*362 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ എത്ര തുക സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

## <u>യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മപദ്ധതി</u>

*363 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം</u>

*364 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ക്ഷേമത്തിന് ധനസഹായം ലഭ്യമാക്കുന്നതിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നിർണായകമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യുവസംരംഭകരുടെ നൂതനാശയങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രൊഫഷണൽ കോഴ്സുകൾ പാസായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആരംഭിച്ച ആദിവാസി സംരംഭക വായ്പ പദ്ധതി പ്രകാരം എന്തെല്ലാം സംരംഭങ്ങൾക്കാണ് സഹായം നൽകിവരുന്നത്; വിശദീകരിക്കുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് കോർപ്പറേഷൻ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

**ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ**

*365 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് സർക്കാർതലത്തിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമാണോ; ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**വിവിധ തൊഴിൽ മേഖലകളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻ നടപടി**

*366 **ശ്രീ. എം.വിജിൻ**
**ശ്രീ. പി.പി. സുമോദ്**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യാ പ്രവണതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവേ ഏതെല്ലാം മേഖലകളിൽ ജോലി ചെയ്യുന്നവർക്കിടയിലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഐ.ടി. മേഖലയിലും മാധ്യമരംഗത്തും തൊഴിൽ ചെയ്യുന്ന യുവജനങ്ങൾക്കിടയിലാണ് തൊഴിൽ സമ്മർദ്ദം കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതും യുവജനങ്ങൾക്ക് പിന്തുണ നൽകുന്നതുമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

**വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

*367 **ശ്രീ ഡി കെ മുരളി**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ 2023-24 സാമ്പത്തികവർഷത്തെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) വനപരിപാലനത്തിൽ സാമൂഹിക പങ്കാളിത്തവും സുസ്ഥിരമായ വനസംരക്ഷണത്തിൽ പ്രാദേശിക പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

<u>**സേഫ് പദ്ധതി**</u>

*368 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രധാന വികസന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതികമായി പണിതീർത്തതും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി 'സേഫ് ' എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വഴി വീടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>**ആറളം ഫാമിലെ വന്യജീവി ആക്രമണം**</u>

*369 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം പുനരധിവാസ മേഖലയിലും ഫാമിലുമായി വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ പന്ത്രണ്ട് പേരുടെ ജീവൻ നഷ്ടമായി എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ആറളം പുനരധിവാസ മേഖലയിൽ ദമ്പതിമാരെ കാട്ടാന ചവിട്ടിക്കൊന്ന സംഭവത്തിന് ശേഷവും കാട്ടാനയുടെ ആക്രമണം ഉണ്ടായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളി മേഖലയിൽ നൂതന സാങ്കേതികവിദ്യ

*370 **ശ്രീമതി കെ. കെ. രമ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിന് നടത്തിയ ഇടപെടൽ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണ ഹോട്ട് സ്പോട്ടുകളിൽ നൂതന പ്രതിരോധ നടപടികൾ

*371 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് പരിഹാരമായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ചേർന്ന ഉന്നതതലയോഗത്തിന്റെയും അതിലെടുത്ത തീരുമാനങ്ങളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഹോട്ട് സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള മേഖലകളിൽ സ്വീകരിച്ച നൂതന പ്രതിരോധ നടപടികൾ വ്യക്തമാക്കുമോ;

(സി) വന്യജീവി ആക്രമണം തടയുന്നതിന് ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വന്യജീവികൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമാക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കുമോ?

## മലയാളം മിഷൻ

*372 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 'മലയാളം മിഷൻ' നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം വിദേശരാജ്യങ്ങളിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മിഷൻ ദേശീയതലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) അതിഥി തൊഴിലാളികളെയും, അവരുടെ കുടുംബാംഗങ്ങളെയും മലയാളം പഠിപ്പിക്കുന്നതിന് 'അതിഥി മലയാളം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

## മത്സ്യബന്ധന മേഖലയെ ആധുനികവത്ക്കരിക്കാൻ പദ്ധതികൾ

*373 **ശ്രീ എം നൗഷാദ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയെ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ആസ്ഥാനമായി ഒരു ആധുനിക മത്സ്യബന്ധന - സംസ്കരണ - വിപണന ഹബ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും അവയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണമേന്മയോടെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

## യുവജനക്ഷേമ പ്രവർത്തനങ്ങൾ

*374 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ബി) യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, അക്രമവാസന എന്നിവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലെ നിഗമനങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) യുവാക്കളിലെ ലഹരി ഉപയോഗവും അക്രമവാസനയും നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ സബ്സിഡി

*375 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 - 2016-ലെ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് മണ്ണെണ്ണയുടെ വില ക്രമാതീതമായി വർധിച്ചിട്ടും സബ്സിഡി വർധിപ്പിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ സബ്സിഡി അൻപത് രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*376 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആരംഭിച്ച സാമൂഹിക പഠനമുറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പഠനമുറികളുടെ മേൽനോട്ടം വഹിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ വേതനവും പഠനമുറികളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ചെലവിനായുള്ള തുകയും യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## മില്ലറ്റ് വില്ലേജ്, ഹരിത രശ്മി പദ്ധതികൾ

*377 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന്

വ്യക്തമാക്കുമോ;

(ബി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ആരംഭിച്ച മില്ലറ്റ് വില്ലേജ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കപ്പെടാത്ത ഭൂമിയിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആരംഭിച്ച ഹരിത രശ്മി പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## ആദിവാസി കേന്ദ്രങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ

*378 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ലൈൻ സ്ഥാപിക്കാൻ സാധ്യമല്ലാത്ത ആദിവാസി കേന്ദ്രങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോയെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതി എത്താത്ത ആദിവാസി വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മുതലപ്പൊഴിയിൽ സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും നടത്താൻ സ്ഥിരം സംവിധാനം

*379 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി അഴിമുഖത്ത് ഉണ്ടായ അപകടങ്ങളിൽപെട്ട് 73-ഓളം പേരുടെ ജീവനുകൾ പൊലിഞ്ഞ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഗുരുതര സാഹചര്യത്തിലും സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും സ്ഥിരമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന് നൽകിയ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും സ്ഥിരമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് പദ്ധതികൾ

*380 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വനം വകുപ്പിന്റെ ഏതൊക്കെ ഡിവിഷനുകളിലാണ് മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത സംഘർഷം ഫലപ്രദമായി കുറയ്ക്കുന്നതിന് പ്രതിരോധ, ലഘൂകരണ ശ്രമങ്ങൾക്കൊപ്പം ദീർഘകാലവും ഹ്രസ്വകാലവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഘർഷങ്ങൾ വർദ്ധിക്കുന്നത് കാരണം നഷ്ടപരിഹാര ക്ലെയിമുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും

*381 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഒരു കാരണം ജലസംഭരണികളിൽ വൻതോതിൽ ചെളിയടിഞ്ഞ് കിടന്നതുമൂലം ഡാമുകളുടെ സംഭരണശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലസംഭരണികളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണലും യഥാസമയം നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## സമുദ്രത്തിൽ കൂട് സ്ഥാപിച്ച് മത്സ്യകൃഷി

*382 **ശ്രീമതി ദെലീമ**
**ശ്രീ വി ജോയി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രത്തിൽ കൂട് സ്ഥാപിച്ച് മത്സ്യകൃഷി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയുടെ സാങ്കേതിക സഹായത്താലാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി നടത്തിയിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ഇതിൽ മുൻഗണന നൽകാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

**യുവജനങ്ങളുടെ മാനസികശേഷി ഉറപ്പാക്കാൻ നടപടി**

*383 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യ പ്രവണതയും വർധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് സമസ്ത മേഖലകളിലും തൊഴിലെടുക്കുന്ന യുവാക്കൾ കടുത്ത മാനസിക സമ്മർദ്ദം നേരിടേണ്ടിവരുന്ന സാഹചര്യം ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) യുവാക്കൾ ജോലിഭാരവും സ്വകാര്യജീവിതവും സന്തുലിതമായി കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യുവജനങ്ങളുടെ മാനസികനില തിരിച്ചറിഞ്ഞ് ആവശ്യമായ മാനസികശേഷി ഉറപ്പാക്കുന്നതിന് എന്തെല്ലാം ശിപാർശകളാണ് സംസ്ഥാന യുവജന കമ്മീഷൻ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മുതലപൊഴി അഴിമുഖത്തെ മണൽ നീക്കം ചെയ്യാൻ നടപടി**

*384 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറക്കല്ല് കൊണ്ടുപോകുന്നതിന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് മുതലപ്പൊഴി അഴിമുഖം ഉപയോഗിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിനുപകരമായി മുതലപ്പൊഴി അഴിമുഖത്തെ സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ഉറപ്പ് നാളിതുവരെ പാലിച്ചിട്ടില്ല എന്നത് വസ്തുതയാണോ;

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മണ്ണ് നീക്കം ചെയ്യുവാൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് പണം നൽകാത്തതിനാൽ മണൽ നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിക്കാനാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**വന്യജീവി ആക്രമണങ്ങളിൽ നിന്നും ആദിവാസികൾക്ക് സുരക്ഷ**

*385 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യൂ ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആദിവാസികളുടെ വാസസ്ഥലങ്ങൾക്ക് ചുറ്റും ട്രഞ്ചും വൈദ്യുത വേലികളും നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനും മറ്റും സുരക്ഷിത വഴികൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി</u>

*386 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യകൃഷി മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുറഞ്ഞ മുതൽമുടക്കിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്ന അലങ്കാര മത്സ്യകൃഷി വിപുലമായ തോതിൽ നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) അലങ്കാര മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനുകൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അലങ്കാരമത്സ്യ വിപണനത്തിന് സഹായകമായ അക്വാ ഷോകൾ എല്ലാ ജില്ലയിലും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള അക്വേറിയങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും വരുമാന ലഭ്യത ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>സ്വാഭാവിക വനങ്ങളുടെ പരിപാലനം</u>

*387 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**

**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവികവനങ്ങളുടെ പരിപാലനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വനാതിർത്തികൾ സംരക്ഷിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വനപ്രദേശങ്ങളിന്മേലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>കാട്ടുപന്നികളെയും കുരങ്ങുകളെയും നിയന്ത്രിക്കാൻ പദ്ധതി</u>

*388 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിൽ അതിക്രമിച്ച് കയറുന്ന കാട്ടുപന്നികളെ ദുരന്തനിവാരണ അതോറിറ്റി മുഖേന നിയന്ത്രിക്കുന്നതിനായി പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന കുരങ്ങുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നിലവിലുള്ള എല്ലാ നാട്ടാനകളുടെയും ജെനറ്റിക്ക് ഡാറ്റാബേസ് ശേഖരിക്കാൻ ലക്ഷ്യമിട്ടുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ</u>

*389 **ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഭൂഗർഭജല ലഭ്യത നിർണ്ണയിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ</u>

*390 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യത നിർണ്ണയിക്കുന്നതിനും അത് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാനപരമായി എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഭൂഗർഭജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി നടത്തിയ പഠനഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഗുരുതരമായ ജലശോഷണം ഏതൊക്കെ മേഖലകളിലാണെന്നത് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 11, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].